Draft #1 of File 26066/AD A1/1/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 11-Nov-2019 10:52 PM - Page 1

YEARS OF CELEBRATING THE MAHATMA

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

ജീവനക്കാര്യം - ഡിപ്പാർട്ട്മെൻറൽ പരീക്ഷകൾ പാസ്സാകുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കുന്നതിന് 13 അസിസ്റ്റൻറുമാർ സമർപ്പിച്ച അപേക്ഷ - വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 5588/AD A1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 12.11.2019

---

പരാമർശം:-1. സർവ്വകലാശാല ഉത്തരവ് നമ്പർ 4525/എ 1/1/2018/ഭരണവിഭാഗം, തീയതി 04.06.2018.
2. 50 വയസ്സ് പൂർത്തീകരിച്ച 13 അസിസ്റ്റൻറുമാർ ഡിപ്പാർട്ട്മെൻറൽ പരീക്ഷകൾ പാസ്സാകുന്നതിൽ നിന്നും ഒഴിവാക്കുന്നതിന് സമർപ്പിച്ച അപേക്ഷകൾ.
3. G.O.(P) No. 309/84/GAD തീയതി 31.08.1984.

## ഉത്തരവ്

സർവ്വകലാശാലയിൽ അസിസ്റ്റൻറ് തസ്തികയിൽ ജോലി ചെയ്യുന്ന 13 ജീവനക്കാർ, 50 വയസ്സ് പൂർത്തിയായതിനെത്തുടർന്ന് തങ്ങളെ ഡിപ്പാർട്ട്മെൻറൽ പരീക്ഷകൾ പാസ്സാകുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കണമെന്ന് കാണിച്ച് പരാമർശം (2) പ്രകാരം അപേക്ഷകൾ സമർപ്പിച്ചിരുന്നു. ടിയാളുകൾ പരാമർശം (1) പ്രകാരം, 24.05.2018 പൂർവ്വാഹ്നം മുതൽ അസിസ്റ്റൻറ് തസ്തികയിൽ ഉദ്യോഗക്കയറ്റ നിയമനം ലഭിച്ചവരാണ്.

KS & SSR ജനറൽ റൂൾ 13 B-ൽ പരാമർശം (3) പ്രകാരം ഭേദഗതി വരുത്തിയതനുസരിച്ച്, 26.08.1981-നോ അതിന് ശേഷമോ 50 വയസ്സ് പൂർത്തിയാക്കിയ, സർക്കാർ സർവ്വീസിൽ ജോലി ചെയ്യുന്ന ജീവനക്കാരെ ഡിപ്പാർട്ട്മെൻറൽ പരീക്ഷകൾ പാസ്സാകുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കി ഉദ്യോഗക്കയറ്റം, സർവ്വീസിലെ പൂർണ്ണാംഗത്തിന് ലഭിക്കുന്ന മറ്റെല്ലാ ആനുകൂല്യങ്ങൾ എന്നിവയ്ക്ക് അവരുടെ സേവന കാലയളവ് കണക്കിലെടുക്കാതെ പരിഗണിക്കുവാൻ വ്യവസ്ഥ ചെയ്യുന്നു.

മേൽ പരാമർശിച്ച 13 അസിസ്റ്റൻറുമാരുടെ സേവനപുസ്തകങ്ങൾ പരിശോധിച്ചതിൽ നിന്നും ടിയാളുകൾക്ക് 50 വയസ്സ് പൂർത്തിയായതായി സ്ഥിരീകരിച്ചിട്ടുണ്ട്. ആയതിനാൽ, ടിയാളുകൾക്ക് പരാമർശം (3) പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| ക്രമ നം. | പേര് | ജനനത്തീയതി | 50 വയസ്സ് പൂർത്തീകരിച്ച തീയതി |
|---|---|---|---|
| 1. | മുഹമ്മദ് കെ.പി. | 31.05.1964 | 30.05.2014 |
| 2. | ഷാജി ഡി. | 20.05.1965 | 19.05.2015 |
| 3. | ഇന്ദിരാദേവി കെ.എ. | 21.05.1966 | 20.05.2016 |
| 4. | ജോർജ് ജോസഫ് പയറ്റുകുഴിയിൽ | 25.05.1964 | 24.05.2014 |
| 5. | ശാലിനി കെ.സി. | 13.03.1966 | 12.03.2016 |
| 6. | സാബു എബ്രഹാം | 27.05.1966 | 26.05.2016 |
| 7. | മൊഹമ്മദ് റ്റി. കാസിം | 06.05.1964 | 05.05.2014 |
| 8. | അനിൽകുമാർ കെ.എസ്. | 30.05.1964 | 29.05.2014 |
| 9. | ജയശ്രീ റ്റി. | 20.05.1969 | 19.05.2019 |
| 10. | സീനത്തുബീവി എം.പി. | 04.12.1968 | 03.12.2018 |
| 11. | മുഹമ്മദ് ഉക്കാഷ് ഇ.എസ്. | 22.12.1966 | 21.12.2016 |
| 12. | മുഹമ്മദ് ബഷീർ റ്റി.പി. | 12.05.1966 | 11.05.2016 |
| 13. | പി.ജെ. മാത്യു | 07.10.1965 | 06.10.2015 |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 26066/AD A1/1/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 11-Nov-2019 10:52 PM - Page 2

ടി 13 അസിസ്റ്റൻറുമാരെ താഴെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, ടിയാളുകൾക്ക് 50 വയസ്സ് പൂർത്തിയായ തീയതിയുടെ തൊട്ടടുത്ത ദിവസം പൂർവ്വാഹ്നം മുതൽ ഡിപ്പാർട്ട്മെൻറൽ പരീക്ഷകൾ പാസ്സാകുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കുന്നതിനും, ഉദ്യോഗക്കയറ്റം, സർവ്വീസിലെ പൂർണ്ണാംഗത്തിന് ലഭിക്കുന്ന മറ്റെല്ലാ ആനുകൂല്യങ്ങൾ എന്നിവയ്ക്ക് പരിഗണിക്കുന്നതിനും വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

<u>വ്യവസ്ഥകൾ</u>

1. മേൽ പരാമർശിച്ച 13 പേർ അസിസ്റ്റൻറ് തസ്തികയിൽ ഉദ്യോഗത്തിൽ പ്രവേശിച്ചിട്ടുള്ളത് 24.05.2018 പൂർവ്വാഹ്നത്തിലാണ്. പരാമർശം (1) പ്രകാരം ടിയാളുകളുടെ അസിസ്റ്റൻറ് തസ്തികയിലുള്ള പ്രൊബേഷൻ കാലയളവ് ഉദ്യോഗക്കയറ്റ തീയതിയായ 24.05.2018 മുതൽ തുടർച്ചയായ 3 വർഷത്തെ സർവ്വീസിനിടെ 2 വർഷം ആയി നിജപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ, പ്രൊബേഷൻ പൂർത്തീകരണത്തിന് വിധേയമായി മാത്രമാണ് ടിയാളുകൾക്ക് ഡിപ്പാർട്ട്മെൻറൽ പരീക്ഷകൾ പാസ്സാകുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കപ്പെടുന്നതിൻറെ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാവുക.
2. ടി 13 അസിസ്റ്റൻറുമാരുടെ നിയമനം <u>ബഹു</u>. കേരള ഹൈക്കോടതി മുൻപാകെ ശ്രീ. നിഖിൽ വി. പരമേശ്വറും ശ്രീ. വിഷ്ണുരാജും സമർപ്പിച്ചിട്ടുള്ള റിട്ട് പെറ്റീഷൻ (സി) നമ്പർ 16692/2018 (ജെ)-യുടെ അന്തിമവിധിക്ക് വിധേയമായിട്ടാണ്. ആയതിനാൽ, ഇതുമായി ബന്ധപ്പെട്ട അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും ടിയാളുകൾക്ക് ഡിപ്പാർട്ട്മെൻറൽ പരീക്ഷകൾ പാസ്സാകുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കപ്പെടുന്നതിൻറെ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാവുക.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ
2. വൈസ് ചാൻസിലർ/പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/പരീക്ഷാവിഭാഗം/അക്കാദമികം/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. സർവ്വകലാശാല
6. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ എഡി.സി. I/II/III
7. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം